പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2573 12.2.2020 -ൽ മറുപടിയ്ക്ക്

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സ്ഥാപിത ലക്ഷ്യങ്ങളും പ്രവർത്തനവും

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ :<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ. രാജൻ<br>ശ്രീമതി ഗീതാ ഗോപി : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സ്ഥാപിത ലക്ഷ്യങ്ങളും പ്രവർത്തനവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | എ) | ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത് 1967-ൽ കളമശ്ശേരിയിലാണ്. വിനോദസഞ്ചാര വ്യവസായത്തിന്റെ വളർച്ച മുന്നിൽക്കണ്ട്, അതിനനുസരണമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ സ്ഥലങ്ങളിലായി 13 ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിച്ചുവരുന്നു. ഹോട്ടൽ മാനേജ്മെന്റിന്റെ വിവിധ ട്രേഡുകളിൽ ഒരു വർഷത്തെ പരിശീലനമാണ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നത്. വമ്പിച്ച ജോലി സാധ്യത ഉറപ്പുള്ള ഈ കോഴ്സുകൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ച കേരള സർക്കാരിന്റെ സാങ്കേതിക വകുപ്പ് നൽകുന്ന സർട്ടിഫിക്കറ്റും നൽകുന്നു. വർഷാവർഷം 1600-ൽപരം വിദ്യാർത്ഥികൾ കേരളത്തിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും വിദഗ്ധ പരിശീലനം ലഭിച്ച് ഹോസ്പിറ്റാലിറ്റിയിലെ വിവിധ മേഖലകളിൽ ജോലിയിൽ പ്രവേശിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ ഒരംഗത്തിന് ജോലി നൽകുക എന്ന കർത്തവ്യത്തിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് വലിയ പങ്ക് വഹിക്കുന്നു. |

| | | | |
|---|---|---|---|
| ബി) | ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യത ആവശ്യാനുസരണമുണ്ടോ; വ്യക്തമാക്കാമോ; | ബി) | ഉണ്ട്. കോഴ്സിന്റെ ഭാഗമായി 3 മാസത്തെ നിർബന്ധിത വ്യാവസായിക പരിശീലനം വിവിധ സ്റ്റാർ ഹോട്ടലുകളിൽ നൽകി വരാറുണ്ട്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഇന്ത്യയിലും വിദേശങ്ങളിലും ഹോസ്പിറ്റാലിറ്റി മേഖലകളിൽ ജോലി ലഭിക്കുന്നു. കൂടാതെ ആഡംബര കപ്പലുകൾ, ഇൻഡസ്ട്രിയൽ ക്യാന്റീനുകൾ, ഹോസ്പിറ്റലുകൾ, സർക്കാരിന്റെ വിവിധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും ജോലി ലഭിക്കുന്നുണ്ട്. |
| സി) | സംസ്ഥാനത്തെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്വന്തം കെട്ടിടങ്ങളിലാണോ പ്രവർത്തിക്കുന്നത്; അല്ലാതെയുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് ആവശ്യമായ കെട്ടിടസൗകര്യം ഒരുക്കുമോ; | സി) | നിലവിൽ കേരളത്തിൽ 13 ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നു. ആയതിൽ കളമശ്ശേരി, തൃശ്ശൂർ, കണ്ണൂർ, ഉദുമ സെന്ററുകൾക്ക് മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. സ്ഥലവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് മറ്റു സ്ഥലങ്ങളിലും സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതാണ്. |
| ഡി) | ഈ സർക്കാർ അധികാരത്തിലെത്തിയശേഷം സംസ്ഥാനത്ത് പുതിയ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിച്ചിട്ടുണ്ടോ; | ഡി) | ഉണ്ട്. |
| ഇ) | ഏതൊക്കെ ജില്ലകളിലാണ് പുതിയ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിച്ചതെന്ന് അറിയിക്കുമോ? | ഇ) | പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിൽ |

സെക്ഷൻ ഓഫീസർ